بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 13.09.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

# തിരുനബി ചരിത്രം: അഹ്സാബ് യുദ്ധം - 2

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِکِ يَوۡمِ الدِّيۡنِ ○ اِيَّاکَ نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

അഹ്സാബ് യുദ്ധത്തെ കുറിച്ച് ആയിരുന്നു കഴിഞ്ഞ ഖുതുബയിൽ വിവരിച്ചുകൊണ്ടിരുന്നത്. എങ്ങനെയാണ് ഖൈബറിലെ യഹൂദികൾ വാഗ്ദാന ലംഘനം നടത്തുകയും വെറുപ്പ് കാരണം മുസ്ലിംകളെ ആക്രമിച്ച് നാമാവശേഷമാക്കാൻ കാഫിരീങ്ങളുടെ സൈന്യം തയ്യാറാക്കിയത് എന്നും പറഞ്ഞിരുന്നു. ഇതിന്റെ കൂടുതൽ വിശദീകരണങ്ങൾ ചരിത്രത്തിൽ ഇങ്ങനെ കാണുന്നുണ്ട്, തിരുനബി(സ) സുലൈത്ത്, സഫ്വാൻ ബിൻ ഔഫ് അസ്ലമ(റ) എന്നിവരെ സൈന്യങ്ങളെ സംബന്ധിച്ച് അറിഞ്ഞു വരാൻ പറഞ്ഞയക്കുകയും അങ്ങനെ അവർ അവിടെ എത്തുകയും ശത്രുക്കൾ അവരെ കണ്ടപ്പോൾ അവർ രണ്ടുപേരും അവരോട് പോരിടിച്ച് ശഹാദത്ത് വരിക്കുകയും ചെയ്തു.

കിടങ്ങ് കുഴിക്കാനുള്ള തീരുമാനമായപ്പോൾ തന്റെ കുതിരയിൽ യാത്ര പുറപ്പെട്ട നബി(സ)യോടൊപ്പം നിരവധി മുഹാജിരീങ്ങളും അൻസാറുകളും ഉണ്ടായിരുന്നു. തിരുനബി(സ) സൈന്യത്തിന് തമ്പടിക്കാനുള്ള സ്ഥലം അന്വേഷിക്കുകയായിരുന്നു. മുസ്ലിംകൾ ബനൂഖുറൈസയിൽനിന്ന് കുഴിക്കാനുള്ള ഒരുപാട് ആയുധങ്ങളായ വലിയ പിക്കാസ്. മൺവെട്ടി തുടങ്ങിയവ കടം വാങ്ങിയിരുന്നു. തിരുനബി(സ) ഓരോ ഭാഗത്തും കുഴിക്കുന്നതിന് ഓരോ ഗോത്രങ്ങളെ ഏൽപ്പിക്കുകയുണ്ടായി. നബി(സ) സ്വയമായും ഈ കുഴിക്കുന്നതിൽ ഭാഗഭാക്കായി. മണ്ണ് തന്റെ പുറത്ത് ഏറ്റുകയും അങ്ങനെ നബി(സ)യുടെ പുറത്തും ഉദരത്തിലും എല്ലാം പൊടിയാകുകയുമുണ്ടായി. തങ്ങളുടെ ഭാഗം പൂർത്തിയാക്കിയ മുസ്ലിംകൾ മറ്റുള്ളവരെ സഹായിക്കാനെത്തിയിരുന്നു. അങ്ങനെ കിടങ്ങു പണി പൂർത്തിയായി.

കിടങ്ങ് കുഴിക്കുന്നതിൽ ഒരു മുസ്ലിമും മാറിനിന്നില്ല. ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും കുട്ടകൾ കിട്ടാതാകുമ്പോൾ തങ്ങളുടെ വസ്ത്രങ്ങളിൽ തന്നെ മണ്ണെടുത്തു മാറ്റുമായിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു. ഇത്രയും വലിയ ഒരു സൈന്യത്തിന്റെ നീക്കം രഹസ്യമാക്കി വയ്ക്കുക എന്നത് കാഫിരീങ്ങൾക്ക് വളരെ പ്രയാസമായിരുന്നു. മാത്രമല്ല തിരുനബി(സ)യുടെ രഹസ്യാന്വേഷണ വിഭാഗവും വളരെ ശക്തമായിരുന്നു. അങ്ങനെ ഖുറൈശികൾ മക്കയിൽനിന്ന് പുറപ്പെടുമ്പോൾതന്നെ അവരെക്കുറിച്ച് അറിവ് ലഭിച്ച തിരുനബി(സ) സ്വഹാബാക്കളെ ഒരു മിച്ചുകൂട്ടി അവരോട് അഭിപ്രായം ആരാഞ്ഞു. ഈ കൂടിയാലോചനയിൽ ഉണ്ടായിരുന്ന ഇറാനിൽ നിന്നുള്ള ആത്മാർത്ഥനായ സഹാബി സൽമാൻ ഫാരിസ് അജമികളുടെ അതായത് അനറബികളുടെ യുദ്ധരീതിയെ സംബന്ധിച്ച് അറിവുള്ള ആളായിരുന്നു. അദ്ദേഹം മദീനയുടെ സുരക്ഷിതമല്ലാത്ത പ്രദേശങ്ങൾക്ക് മുന്നിൽ നീണ്ടതും ആഴത്തിലുള്ളതുമായ കിടങ്ങ് കുഴിച്ചുകൊണ്ട് തങ്ങളെ സംരക്ഷിക്കാം എന്ന് അഭിപ്രായപ്പെടുകയുണ്ടായി. തിരുനബി(സ) ഈ അഭിപ്രായത്തിന് അംഗീകാരം നൽകി. മദീന പട്ടണത്തിന്റെ മൂന്ന് ഭാഗങ്ങൾ പല തരത്തിലും സുരക്ഷിതമായിരുന്നു. ശാമിലേക്കുള്ള (നാലാമത്തെ) ഭാഗത്ത് കൂടെ മാത്രമാണ് ശത്രുക്കൾക്ക് കൂട്ടമായി മദീനയെ ആക്രമിക്കാൻ കഴിയുമായിരുന്നുള്ളൂ. അതുകൊണ്ട് തിരുനബി(സ) സുരക്ഷിതമല്ലാത്ത ഈ ഭാഗത്ത് കിടങ്ങു കുഴിക്കാൻ കൽപ്പന നൽകി. തിരുനബി(സ) തന്റെ മേൽനോട്ടത്തിൽതന്നെ ഓരോ പത്ത് പേർക്കും നല്കാനുണ്ടാക്കിയ തത്വമനുസരിച്ച് അപ്പോൾ പത്ത് മുഴം വീതം അതായത് 15 അടി വീതം കുഴിക്കുന്നതിനാണ് നൽകിയിരുന്നത്. ഈ വീതം വെപ്പിൽ സൽമാൻ ഫാരിസി ഏതു ഭാഗത്തായിരിക്കുമെന്നതും കൗതുകകരമായ തർക്കമായി.

അദ്ദേഹത്തെ മുഹാജിരീ ങ്ങളിൽ ഉൾപ്പെടുത്തുമോ അതല്ല ഇസ്‌ലാമിനു മുമ്പ് മദീനയിലെത്തിയതുകൊണ്ട് അൻസാറിൽ ഉൾപ്പെടുമോ! അവസാനം ഈ തർക്കം തിരുനബി(സ)യുടെ സവിധത്തിലേക്ക് എത്തി. തിരുനബി(സ) ചിരിച്ചുകൊണ്ടു പറഞ്ഞു: സൽമാൻ രണ്ട് കൂട്ടരുടെ കൂടെയും അല്ല; മറിച്ച് **സൽമാനു മിന്നാ അഹ്‌ലുൽ ബൈത്ത്** അതായത് സൽമാൻ എന്റെ കുടുംബത്തിൽ ഉൾപ്പെടുന്നതാണ്. അന്നു മുതൽ സൽമാൻ തിരുനബി(സ)യുടെ കുടുംബത്തിലെ ആളായി ഗണിക്കപ്പെടാനുള്ള ശ്രേഷ്ഠത കൈവരിക്കുകയുണ്ടായി.

കിടങ്ങു കുഴിക്കാനുള്ള തീരുമാനം ഉറപ്പിച്ചതിനു ശേഷം സഹാബാക്കളുടെ സംഘം തൊഴിലാളികളുടെ വേഷത്തിൽ രംഗത്തേക്ക് ഇറങ്ങി. കിടങ്ങ് കുഴിക്കുന്ന പണി എളുപ്പമായിരുന്നില്ല. കാലാവസ്ഥയും തണുപ്പുള്ളതായിരുന്നു. അതുകാരണം ആ ദിവസങ്ങളിൽ സഹാബാക്കൾക്ക് വലിയ പ്രയാസങ്ങൾ നേരിട്ടു. (ദിനേനയുള്ള) അവരുടെ കച്ചവടങ്ങൾ പൂർണമായും ഇല്ലാതായ സ്വഹാബാക്കൾക്ക് ആ ദിവസങ്ങളിൽ പട്ടിണിയും പരിവട്ടവും സഹിക്കേണ്ടിവന്നു. തങ്ങളുടെ പക്കൽ വേലക്കാരോ അടിമകളോ ഇല്ലാതിരുന്നതുകൊണ്ട് സ്വഹാബാക്കൾ ഉപജീവനം സ്വന്തമായി കണ്ടെത്തിയിരുന്നു. തിരുനബി(സ) കൂടുതൽ സമയവും കിടങ്ങിനു അടുത്തുതന്നെ കഴിച്ചുകൂട്ടി. പലപ്പോഴും സ്വഹാബക്കളുമായി ചേർന്നുകൊണ്ട് കുഴിക്കാനും കുഴിച്ച ഭാഗങ്ങളെ നിരപ്പാക്കാനും സഹായിച്ചിരുന്നു. കിടങ്ങ് കുഴിക്കുന്നതിനിടയിൽ ഉന്മേഷം ഉണ്ടാകുന്നതിന് കവിതകളും ചൊല്ലുമായിരുന്നു. ചില സമയത്ത് സ്വഹബാക്കൾ കവിതയിലൂടെ തന്നെ അതിനു മറുപടിയും നൽകിയിരുന്നു. നബി(സ)യുടെ സാന്നിധ്യവും ദുആകളുടെ അനുഗ്രഹങ്ങളും കാരണം സ്വഹാബാക്കൾ തങ്ങളുടെ പ്രയാസങ്ങളും ദുഃഖങ്ങളും മറന്നുപോയിരുന്നു. ഒരു ഭാഗത്ത് പരിശുദ്ധമായ കവിതകൾ ചൊല്ലിയിരുന്നു, മറുഭാഗത്ത് ചെറിയ ചെറിയ ഫലിതങ്ങളും പറഞ്ഞിരുന്നു. സ്വഹാബാക്കൾ തുടർച്ചയായി രാപ്പകൽ അധ്വാനിച്ചുകൊണ്ടും നബിയുടെ ദുആകളുടെ അനുഗ്രഹത്താലും ഈ കിടങ്ങ് പൂർത്തിയാക്കി. എത്ര സമയം കൊണ്ടാണ് പൂർത്തിയായത് എന്നതിനെ സംബന്ധിച്ച് വ്യത്യസ്ത നിവേദനങ്ങളുണ്ട്. 15 ദിവസം, ഒരു മാസം എന്നതിലാണ് കൂടുതലും അഭിപ്രായ ഐക്യം കാണുന്നത്. ഈ കിടങ്ങിന്റെ നീളം ഏകദേശം 6000 മുഴം അഥവാ മൂന്നര മൈൽ ഉണ്ടായിരുന്നു. വീതി 13,14 അടിയും ആഴം 10,11 അടിയും ആയിരുന്നു. ഈ വലിയ കിടങ്ങ് നൂറ്റാണ്ടുകളോളം നിലനിന്നിരുന്നു. തിരുനബി(സ)യുടെ സഹധർമ്മിണിമാരും ഈ പ്രയാസ ഘട്ടത്തിൽ ഉറച്ച തീരുമാനത്തോടുകൂടി പുരുഷന്മാരെപോലെ നബി(സ)യുടെ കൂടെ കാണപ്പെട്ടിരുന്നു. ചിലപ്പോൾ ഹദ്റത്ത് ആയിശ(റ) ചിലപ്പോൾ ഹദ്റത്ത് ഉമ്മു സൽമ(റ) അല്ലെങ്കിൽ ഹദ്റത്ത് സൈനബ് തിരുനബി(സ)യുടെ കൂടെ ഉണ്ടായിരുന്നു.

കിടങ്ങ് കുഴിക്കുമ്പോൾ വലിയ പാറ പൊട്ടാതിരുന്ന സംഭവവും ഉണ്ട്, നിവേദനങ്ങളിൽ വരുന്നു, തിരുനബി(സ) കുറച്ച് വെള്ളം വരുത്തിച്ചു. അതിൽ തന്റെ ഉമിനീര് ആക്കുകയുണ്ടായി. പിന്നെ അല്ലാഹുവിനോട് ദുആ ചെയ്തു, തുടർന്ന് ആ വെള്ളം ആ തരിശുഭൂമിയിൽ തെളിച്ചു. ആ ഭൂമി വളരെയേറെ മൃദുവായി മണൽ പോലെ ആയി തീർന്നു മറ്റൊരു സംഭവവുമുണ്ട്. ഒരു സന്ദർഭത്തിൽ സൽമാൻ ഫാരിസിന് ഒരു തരിശ് ഭൂമി പൊട്ടിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. അപ്പോൾ അദ്ദേഹത്തിൽനിന്ന് തിരുനബി(സ) പിക്കാസ് വാങ്ങി അതിൽ ആഞ്ഞുവെട്ടി. അതിൽ 3 സുവാർത്തകളും ലഭിച്ചു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇതു സംബന്ധമായി പറയുന്നു: ദാരിദ്ര്യത്തിന്റെയും പ്രയാസത്തിന്റെയും അവസരത്തിൽ കിടങ്ങ് കുഴിച്ചു കുഴിച്ച് ഒരു ഭാഗത്ത് ഒരു കല്ല് പ്രത്യക്ഷപ്പെട്ടു. അത് ആരെക്കൊണ്ടും പൊട്ടിക്കാൻ കഴിയുന്നില്ലായിരുന്നു. അവസാനം നിർബന്ധിതാവസ്ഥയിൽ തിരുനബി(സ)യുടെ സവിധത്തിൽ എത്തി പറഞ്ഞു: ഒരു കല്ലുണ്ട് അത് പൊട്ടുന്നില്ല. (വിശപ്പ് കാരണം ഉദരത്തിൽ കല്ല് കെട്ടിവെച്ചിരുന്ന) നബി(സ) ഉടൻ തന്നെ അവിടേക്ക് പോയി ഒരു പിക്കാസ് എടുത്ത് അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് ആ കല്ലിൽ ആഞ്ഞുവെട്ടി. ലോഹം കല്ലിൽ ഉരഞ്ഞ് കല്ലിൽനിന്ന് ഒരു പ്രകാശം വന്നപ്പോൾ നബി(സ) ഉറക്കെ അല്ലാഹു അക്ബർ എന്ന് പറഞ്ഞിട്ട് പറഞ്ഞു: എനിക്ക് ശാമിന്റെ താക്കോലുകൾ നൽകപ്പെട്ടിരിക്കുന്നു. അല്ലാഹുവാണെ, ഈ സമയത്ത് ശാമിലെ ചുവന്ന കൊട്ടാരങ്ങൾ എന്റെ കണ്ണുകൾക്ക് മുന്നിലുണ്ട്. ആ ആഘാതത്തിൽ പ്രസ്തുത കല്ല് കുറെ പൊട്ടിപ്പോയി. രണ്ടാം തവണയും നബി(സ) അല്ലാഹുവിന്റെ നാമം ഉച്ചരിച്ച് പിക്കാസ്കൊണ്ട് ആഞ്ഞുവെട്ടി. അപ്പോൾ ഒരു പ്രകാശം വന്നു. തിരുനബി(സ) അല്ലാഹു അക്ബർ പറഞ്ഞുകൊണ്ട് പറഞ്ഞു:

ഇത്തവണ എനിക്ക് പേർഷ്യയുടെ താക്കോലുകൾ നൽകപ്പെട്ടു. മദായിനിലെ വെള്ള കൊട്ടാരങ്ങൾ എനിക്ക് കാണിക്കപ്പെട്ടു. ഇത്തവണ കല്ല് കുറേ കൂടി പൊട്ടി. മൂന്നാം തവണയും നബി(സ) പിക്കാസുകൊണ്ട് ആഞ്ഞുവെട്ടി അങ്ങനെ വീണ്ടും ഒരു പ്രകാശം വന്നു. തിരുനബി വീണ്ടും അല്ലാഹു അക്ബർ എന്ന് ഉച്ചരിച്ച് പറഞ്ഞു: എനിക്ക് യമനിലെ താക്കോലുകൾ നൽകപ്പെട്ടിരിക്കുന്നു. അല്ലാഹുവാണെ സനആന്റെ കവാടങ്ങൾ ഞാൻ ഈ സമയത്ത് കാണുകയുണ്ടായി. ഇത്തവണ പ്രസ്തുത കല്ല് പൂർണമായും അതിന്റെ സ്ഥാനത്തുനിന്ന് പൊട്ടി ഇളകി വീഴുകയുണ്ടായി. തിരുനബി(സ)യുടെ ഈ കാഴ്ചകൾ ജാഗ്രതാദർശനവുമായി ബന്ധപ്പെട്ടതാണ്. അതായത് ആ പ്രയാസഘട്ടത്തിലും അല്ലാഹു മുസ്‌ലീങ്ങളുടെ ഭാവി വിജയങ്ങളെ സംബന്ധിച്ചും വിശാലതയെ സംബന്ധിച്ചുമുള്ള കാഴ്ചകൾ വ്യക്തമാക്കിക്കൊണ്ട് സ്വഹാബാക്കളിൽ പ്രതീക്ഷയുടെ ആത്മാവ് ഉണ്ടാക്കുകയുണ്ടായി. മദീനയിലെ മുനാഫിഖീംകൾ ഈ വാഗ്ദാനങ്ങൾ കേട്ടപ്പോൾ മുസ്‌ലിംകളെ പരിഹസിച്ചുകൊണ്ട് പറഞ്ഞു: വീട്ടിൽനിന്ന് പുറത്തിറങ്ങാൻ പ്രയാസപ്പെടുന്നവർ കൈസറിന്റെയും കിസ്രയുടെയും സാമ്രാജ്യങ്ങൾ സ്വപ്നം കാണുകയാണ്! പക്ഷേ (വിധിക്കപ്പെട്ടു കഴിഞ്ഞ) ഈ വാഗ്ദാനങ്ങൾ അതിന്റെ സമയത്ത് അതായത് തിരുനബിയുടെ അവസാന ദിവസങ്ങളിലും പിന്നെ ഖലീഫമാരുടെ കാലഘട്ടങ്ങളിലും പൂർത്തിയായി; അങ്ങനെ അത് മുസ്‌ലിങ്ങളുടെ വിശ്വാസ വർദ്ധനവിനും സംതൃപ്തിക്കും കാരണമായി തീർന്നു.

ഇതിൽ മറ്റൊന്ന് ഭക്ഷണത്തെ കുറിച്ചു അത്ഭുത ദൃഷ്ടാന്തമാണ്. ഈ സംഭവത്തെ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതിയിട്ടുള്ളത്, ഒരു ആത്മാർത്ഥനായ സഹാബി ജാബിർ ബിൻ അബ്ദുല്ലയുടെ മുഖത്ത് പട്ടിണി കാരണം ക്ഷീണവും അസ്വസ്ഥതയും കണ്ടപ്പോൾ തിരുനബി(സ) അദ്ദേഹത്തിന് വീട്ടിൽ പോകാൻ അനുമതി നൽകി. അദ്ദേഹം വീട്ടിലെത്തി ഭാര്യയോട് ചോദിച്ചു: നിന്റെ പക്കൽ വല്ല ഭക്ഷണവും ഉണ്ടോ? അവർ പറഞ്ഞു: അതെ, കുറച്ച് ബാർലി മാവും ഒരു ആട്ടിൻകുട്ടിയും ഉണ്ട്. ഹദ്റത്ത് ജാബിർ പറയുന്നു: ഞാൻ ആട്ടിൻകുട്ടിയെ അറുക്കുകയും മാവ് കുഴയ്ക്കുകയും ചെയ്തു. പിന്നെ ഭാര്യയോട് പറഞ്ഞു: ഭക്ഷണം തയ്യാറാക്കുക, ഞാൻ തിരുനബിയുടെ സവിധത്തിൽ പോയി വരാൻ പറയാം. എന്റെ ഭാര്യ പറഞ്ഞു: എന്നെ നിങ്ങൾ നാണം കെടുത്തരുത്. ഭക്ഷണം വളരെ കുറച്ചേ ഉള്ളൂ. തിരുനബി(സ)യോടൊപ്പം കൂടുതൽ ആളുകളെ കൊണ്ടുവരരുത്. ജാബിർ പോയി വളരെ പതുക്കെ തിരുനബി(സ)നോട് പറഞ്ഞു: യാ റസൂലല്ലാഹ് അങ്ങ് ഏതാനും സഹാബാക്കളെയും കൂടി വന്ന് ഭക്ഷണം കഴിച്ചാലും. തിരുനബി(സ) ചോദിച്ചു: എത്ര ഭക്ഷണമുണ്ട്? ഞാൻ പറഞ്ഞു: ഇത്ര മാത്രമേ ഉള്ളൂ. തിരുനബി(സ) പറഞ്ഞു: ഇത് വളരെയധികം ഉണ്ടല്ലോ! തുടർന്ന് തിരുനബി(സ) തന്റെ ചുറ്റുപാടും കണ്ണോടിച്ച് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: അല്ലയോ അൻസാറുകളുടെയും മുഹാജിറുകളുടെയും സംഘമേ! വരുവിൻ, ജാബിർ നമുക്ക് ഭക്ഷണം ഒരുക്കിയിട്ടുണ്ട്, പോയി ഭക്ഷിച്ചു വരാം. ആ ശബ്ദം കേട്ടപ്പോൾ വിശന്ന് വലഞ്ഞിരുന്ന ആയിരം സഹാബാക്കൾ നബി(സ)യോടൊപ്പം വന്നു. തിരുനബി(സ) ജാബിർനോട് പറഞ്ഞു; നിങ്ങൾ വേഗം പോവുക എന്നിട്ട് ഭാര്യയോട് പറയണം, ഞാൻ വരുന്നതുവരെ പാത്രം അടുപ്പിൽനിന്ന് ഇറക്കുകയോ റൊട്ടി ചുട്ടു തുടങ്ങുകയോ ചെയ്യരുത്. ജാബിർ വേഗം പോയി തന്റെ ഭാര്യയ്ക്ക് അറിയിപ്പ് കൊടുത്തു. അവർ വളരെയധികം പരിഭ്രമിച്ചു. ഇനി എന്ത് ചെയ്യും? പക്ഷേ നബി(സ) അവിടെയെത്തിയതും വളരെ സമാധാനത്തോടെ കറിയുടെ പാത്രത്തിലും മാവ് വെച്ച പാത്രത്തിലും ദുആ ചെയ്തു. എന്നിട്ട് പറഞ്ഞു: ഇനി റൊട്ടി ഉണ്ടാക്കിത്തുടങ്ങുക. അതിനുശേഷം സാവധാനത്തിൽ ഭക്ഷണം വിതരണം ചെയ്യാൻ തുടങ്ങി. ജാബിർ നിവേദനം ചെയ്യുന്നു: എന്റെ ജീവൻ ആരുടെ നിയന്ത്രണത്തിലാണോ അവനാണെ സത്യം! ആ ഭക്ഷണത്തിൽനിന്ന് എല്ലാവരും വയറു നിറയെ ഭക്ഷണം കഴിച്ചു. എന്നിട്ടും ഞങ്ങളുടെ കറിയുടെ പാത്രം അതേപോലെ തിളച്ച് കൊണ്ടിരുന്നു. റൊട്ടി ചുട്ടു കൊണ്ടിരിക്കുകയും ചെയ്തിരുന്നു.

അഹ്സാബ് യുദ്ധസംബന്ധമായി ബാക്കി കാര്യങ്ങൾ ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഞാൻ ദുആയിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ (നമുക്ക്) വളരെയേറെ ശ്രദ്ധ വേണം. അല്ലാഹു നമ്മുടെ വിശ്വാസങ്ങളെ സുദൃഢമാക്കി വെക്കുമാറാകട്ടെ. എല്ലാ സ്ഥലത്തും എല്ലാ രാജ്യത്തിലും നിവസിക്കുന്ന അഹ്മദികളെയും ബംഗ്ലാദേശിലും പാക്കിസ്ഥാനിലും മറ്റ് സ്ഥലങ്ങളിലും ഉള്ളവരെയും എല്ലാ ശർറിൽനിന്നും രക്ഷിക്കുമാറാകട്ടെ. ലോകം അകപ്പെട്ടുകൊണ്ടിരിക്കുന്ന തീയിൽനിന്ന്

അല്ലെങ്കിൽ വളരെ വേഗത്തിൽ പോകാൻ ശ്രമിച്ചു കൊണ്ടിരിക്കുന്ന ആ തീയിൽനിന്ന്, ലോകത്തെ രക്ഷിക്കുമാറാകട്ടെ. അല്ലാഹു കരുണ ചൊരിയുമാറാട്ടെ. അല്ലാഹു എല്ലാ കഴിവുകളുടെയും ഉടമസ്ഥൻ ആകുന്നു. ജനങ്ങൾ ഇപ്പോൾ തങ്ങളുടെ മാറ്റത്തിനുവേണ്ടി ശ്രമിക്കുകയാണെങ്കിൽ അല്ലാഹു അവരെ പ്രയാസങ്ങളിൽനിന്ന് രക്ഷപ്പെടുത്തുന്നതാണ്. അവർക്ക് ബുദ്ധിയും വിവേകവും അല്ലാഹു നൽകുമാറാകട്ടെ.

* * * * * * *

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُوْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 13.09.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516